# Siraj

# 25 July 2018

# Muvattupuzha, Flood Victims, Relief

## വെള്ളപ്പൊക്ക ദുരിതബാധിതർക്ക് ജോയിന്റ് കൗൺസിലിന്റെ കൈതാങ്ങ്

മൂവാറ്റുപുഴ: വെള്ളപ്പൊക്ക ദുരിതമനുഭവിക്കുന്ന ആലപ്പുഴ ജില്ലയിലെ ദുരിതബാധിതരുടെ ക്യാമ്പുകളിൽ വസിക്കുന്ന ജനങ്ങളെ സഹായിക്കുന്നതിനായി സംസ്ഥാന വ്യാപകമായി ജോയിന്റ് കൗൺസിൽ നന്മ സാംസ്കാരിക വേദി നടത്തുന്ന വസ്ത്ര ശേഖരണ ക്യാമ്പയിൻ മൂവാറ്റുപുഴ മിനി സിവിൽ സ്റ്റേഷനിൽ നടന്നു. ഇന്നലെ ഓഫീസ് ക്യാമ്പയിനുശേഷം സിവിൽ സ്റ്റേഷനിൽ വസ്ത്ര ശേഖരണത്തിനായി പ്രത്യേക കൗണ്ടർ സൗകര്യം ഒരുക്കുകയും ചെയ്തു. കൗണ്ടറിൽ വിവിധ ഓഫീസുകളിലെ ജീവനക്കാർ പുതിയ വസ്ത്രങ്ങൾ എത്തിച്ചു നൽകി.

ജോയിന്റ് കൗൺസിൽ മേഖല സെക്രട്ടറി വി എം സുഭാഷ് പ്രസിഡന്റ്, ടി എസ് അനിൽകുമാർ, ജോയിന്റ് സെക്രട്ടറി അനൂപ്കുമാർ എം എസ്, ടി ആർ ചന്ദ്രസേനൻ, ഷമീർ പി എച്ച് എന്നിവർ ക്യാമ്പയിന് നേതൃത്വം നൽകി. ക്യാമ്പയിന് ശേഷം ലഭിച്ച വസ്ത്രങ്ങൾ നന്മ സാംസ്കാരിക വേദി ജില്ലാ സെക്രട്ടറി കെ കെ ശ്രീജേഷിന് കൈമാറി.